**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

20.06.2018 ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **3497**

## ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നിലവിൽ ഏതൊക്കെ പോലീസ് സ്റ്റേഷനുകളാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുള്ളത്; പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (എ) സംസ്ഥാനത്ത് ഫോർട്ട് പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം സിറ്റി), കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ (കൊല്ലം സിറ്റി), കടവന്ത്ര പോലീസ് സ്റ്റേഷൻ (എറണാകുളം സിറ്റി), തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ (തൃശ്ശൂർ സിറ്റി), കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ (കോഴിക്കോട് സിറ്റി), കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ (കണ്ണൂർ) എന്നീ 6 പോലീസ് സ്റ്റേഷനുകളെയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി നാമകരണം ചെയ്തിരിക്കുന്നത്. രൂപത്തിലും ഭാവത്തിലും ഘടനയിലും ശിശുസൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ഒരുക്കുകയെന്നുള്ളതാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികളുടെ പരിചരണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റ് സർക്കാരിതര സംഘടനകൾ, പൊതുസമൂഹം എന്നിവയുടെ ഒരു കൂട്ടായ്മ ഒരുക്കൽ, ശിശുസൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കെട്ടിടം, കുട്ടികളുടെ |

അവകാശങ്ങളെക്കുറിച്ചും മാനസികാവസ്ഥയെക്കുറിച്ചും വിശദമായ പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ താമസംവിനായുള്ള ശക്തമായ നടപടി എടുക്കൽ എന്നിവയും ഇതിന്റെ ഉദ്ദേശ്യങ്ങളാണ്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളിൽ പോലീസ് വേണ്ടത്ര ഗൗരവം നൽകാതെ കേസ് ഒതുക്കി-ത്തീർക്കുവാൻ ശ്രമിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പോലീസ് ഓഫീസർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികളും വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ